**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3049** **07-10-2025-ൽ മറുപടിയ്ക്ക്**

**<u>ന്യൂ കട്ട് വാട്ടർ സ്റ്റോറേജ് പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പി. എ. മജീദ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** തിരൂരങ്ങാടി മണ്ഡലത്തിലെ നിർദിഷ്ട ന്യൂ കട്ട് വാട്ടർ സ്റ്റോറേജ് പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ന്യൂ കട്ട് റെഗുലേറ്ററിനെ ദേശീയ ജലപാത നിലവാരത്തിൽ ലോക്ക് കം റെഗുലേറ്റർ ആയി പുതുക്കിപണിയുന്ന പ്രവൃത്തിയാണ് പ്രാരംഭ ഘട്ടത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി മണ്ണ് പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ഡിസൈൻ തയ്യാറാക്കുന്നതിന് വേണ്ടിയുള്ള ഇൻഡന്റ് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 28/07/2025- ലെ CEINKP/195/2025-W3 കത്ത് പ്രകാരം ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡിന് (IDRB ) നൽകിയിരിക്കുകയുമാണ്.

**(ബി)** പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ടിൽ (ഡി. പി. ആർ.) ഉൾപ്പെട്ട ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ മണ്ണ് പര്യവേഷണ പ്രവൃത്തി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ ഡിസൈൻ ലഭ്യമായ ശേഷമേ ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR തയ്യാറാക്കാൻ കഴിയുകയുള്ളൂ.

**(സി)** പ്രസ്തുത പദ്ധതിയുടെ പുതിയ ഡീറ്റൈൽഡ് സ്റ്റഡി റിപ്പോർട്ട് (ഡി. എസ്. ആർ.) പ്രകാരമുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ മണ്ണ് പര്യവേഷണ പ്രവൃത്തി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ ഡിസൈൻ ലഭ്യമായ ശേഷമേ ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR ) തയ്യാറാക്കാൻ കഴിയുകയുള്ളൂ.

**(ഡി)** പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ പൂർത്തീകരിക്കാനുണ്ടെന്ന് അറിയിക്കാമോ; ഓരോ നടപടിയും വിശദമാക്കാമോ;

**<u>മറുപടി:</u>** ലോക്ക് കം റെഗുലേറ്ററിന്റെ ഡിസൈൻ ലഭ്യമായ ശേഷം ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അതിന് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിച്ചതിനുശേഷമെ ടെൻഡർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**(ഇ)** പ്രസ്തുത പദ്ധതിക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ ഫയൽ ധനകാര്യ വകുപ്പിലേക്ക് അനുമതിക്കായി സമർപ്പിച്ചിരുന്നോ; വിശദമാക്കാമോ?

**മറുപടി:** ഇല്ല. ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടില്ലെന്നതിനാൽ ധനകാര്യ വകുപ്പിലേക്ക് നല്കിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**